**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2432** **15-10-2024-ൽ മറുപടിയ്ക്ക്**

**<u>ജി.എസ്.ടി. വകുപ്പിലെ പൊതു സ്ഥലംമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ 2017-ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ചുള്ള ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2017-ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ചുള്ള ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കിയിട്ടില്ല.

G.O(Ms) No.55/2022/TAXES തീയതി 02.08.2022 പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ നിലവിലുണ്ടായിരുന്ന ഓഫീസുകൾ ഇല്ലാതാകുകയും നികുതിദായക സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് വിഭാഗം, എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ വിങ്ങുകളിലായി പുതിയ ഓഫീസുകൾ രൂപീകരിക്കപ്പെടുകയും ചെയ്തിരുന്നു. വകുപ്പിലെ പ്രധാനപ്പെട്ട വിഭാഗമായ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിങ്ങിനെ സംബന്ധിച്ച് സെർച്ച്, ഇൻസ്പെക്ഷൻ, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇവ സാധാരണ സർക്കാർ ഓഫീസുകളുടെ ജോലി സ്വഭാവങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്. ആയതിനാൽ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് പോലുള്ള വിഭാഗങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിൽ സീനിയോറിറ്റി, സേവനകാലയളവ് എന്നിവയ്ക്കുപരിയായി ആ പോസ്റ്റിലേക്കുള്ള അനുയോജ്യത, പ്രത്യേകമായ പ്രാവീണ്യം, ഭരണപരമായ സൗകര്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് ജീവനക്കാരെ നിയമിക്കുന്നത്. ഇത് പരിഗണിച്ച് G.O.(Ms) No.55/2022/TAXES പ്രകാരമുള്ള പുനഃസംഘടനാ ഉത്തരവിൽ, വകുപ്പിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച വകുപ്പിന്റേതായ ഒരു ട്രാൻസ്ഫർ പോളിസി രൂപീകരിക്കുന്നതിന് പ്രസ്തുത ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. വകുപ്പിലെ സെൻസിറ്റീവ് തസ്തികകളിലും നോൺസെൻസിറ്റീവ് തസ്തികകളിലും ആവശ്യമായ റൊട്ടേഷൻ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ട്രാൻസ്ഫർ പോളിസി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ അന്തിമഘട്ടത്തിലാണ്.

**(ബി)** സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ പൊതു സ്ഥലംമാറ്റം നടക്കാത്തതിനാൽ ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് ടാക്സ് ഓഫീസർ തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ സർക്കാരിന് വരുമാന നഷ്ടം ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ;

**<u>മറുപടി:</u>** 2024 വർഷത്തെ ഡിപിസി പട്ടിക പ്രകാരമുള്ള എല്ലാ തസ്തികകളിലെ ഒഴിവുകളും പ്രൊമോഷൻ നൽകി നികത്തിയിട്ടുണ്ട്.

**(സി)** 2024-ലെ ജനറൽ ട്രാൻസ്ഫർ ഓൺലൈനിൽ നടത്തണമെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ ?

**മറുപടി:** G.O(Ms) No.55/2022/TAXES തീയതി 02.08.2022 പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ നിലവിലുണ്ടായിരുന്ന ഓഫീസുകൾ ഇല്ലാതാകുകയും നികുതിദായക സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് വിഭാഗം, എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ വിങ്ങുകളിലായി പുതിയ ഓഫീസുകൾ രൂപീകരിക്കപ്പെടുകയും ചെയ്തിരുന്നു. വകുപ്പിലെ പ്രധാനപ്പെട്ട വിഭാഗമായ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിങ്ങിനെ സംബന്ധിച്ച് സെർച്ച്, ഇൻസ്പെക്ഷൻ, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇവ സാധാരണ സർക്കാർ ഓഫീസുകളുടെ ജോലി സ്വഭാവങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്. ആയതിനാൽ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് പോലുള്ള വിഭാഗങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിൽ സീനിയോറിറ്റി, സേവനകാലയളവ് എന്നിവയ്ക്കുപരിയായി ആ പോസ്റ്റിലേക്കുള്ള അനുയോജ്യത, പ്രത്യേകമായ പ്രാവീണ്യം, ഭരണപരമായ സൗകര്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് ജീവനക്കാരെ നിയമിക്കുന്നത്. ഇത് പരിഗണിച്ച് G.O.(Ms) No.55/2022/TAXES പ്രകാരമുള്ള പുനഃസംഘടനാ ഉത്തരവിൽ, വകുപ്പിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച വകുപ്പിന്റേതായ ഒരു ട്രാൻസ്ഫർ പോളിസി രൂപീകരിക്കുന്നതിന് പ്രസ്തുത ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. വകുപ്പിലെ സെൻസിറ്റീവ് തസ്തികകളിലും നോൺസെൻസിറ്റീവ് തസ്തികകളിലും ആവശ്യമായ റൊട്ടേഷൻ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ട്രാൻസ്ഫർ പോളിസി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ അന്തിമഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**